PDF brought to you by ResPaper.com

# ICSE 10th Board 2015 Malayalam Paper

**Answer key / correct responses on:**

Click link: http://www.respaper.com/lololololololol/6077.pdf

Other papers by LOLOLOLOLOLOLOL : http://www.respaper.com/lololololololol/

**Upload and share your papers and class notes on ResPaper.com. It is FREE!**
**ResPaper.com has a large collection of board papers, competitive exams and entrance tests.**

http://www.respaper.com/

# MALAYALAM

**(Second Language)**

*(Three hours)*

***Answers to this Paper must be written on the paper provided separately.***

*You will **not** be allowed to write during the first 15 minutes.*

*This time is to be spent in reading the question paper.*

***The time given at the head of this Paper is the time allowed for writing the answers.***

---

*This paper comprises of two Sections; **Section A** and **Section B.***

*Attempt **all** the questions from Section A.*

*Attempt **four** questions from Section **B**, answering at least **one** question each from the two books you have studied and **any two** other questions.*

*The intended marks for questions or parts of questions are given in brackets **[ ].***

---

## SECTION—A (40 Marks)

*Attempt **all** questions.*

**Question 1**

Write a short composition in **Malayalam** of approximately 250 words on any **one** of the following topics :— [15]

(താഴെ കൊടുത്തിരിക്കുന്ന വിഷയങ്ങളിൽ ഏതെങ്കിലും ഒന്ന് തിരഞ്ഞെടുത്ത് ഏകദേശം 250 വാക്കുകളിൽ ഒരു ഉപന്യാസം മലയാളത്തിൽ എഴുതുക)

(i) പരിസ്ഥിതി സംരക്ഷണത്തിന്റെ പ്രാധാന്യത്തെക്കുറിച്ച് ഉപന്യസിക്കുക.

(ii) "പത്രം നമ്മുടെ മിത്രം" - മാധ്യമരംഗം വളരെയേറെ പുരോഗമിച്ചെങ്കിലും പത്രത്തിന്റെ പ്രാധാന്യത്തിന് കുറവുവന്നിട്ടില്ല. നിങ്ങളുടെ അഭിപ്രായം വ്യക്തമാക്കുക.

(iii) വിദ്യാഭ്യാസത്തിൽ കലാകായിക രംഗത്തിനുള്ള പ്രാധാന്യത്തെപ്പറ്റി വിവരിക്കുക.

(iv) "വരും വരായ്കകൾ ചിന്തിച്ചേ
ചാടാവൂ കാര്യമേതിലും"- ഈ ചൊല്ലിനെ ആസ്പദമാക്കി ഒരു സ്വതന്ത്ര കഥയെഴുതുക.

---

**This Paper consists of 12 printed pages.**

**T15 081** **Turn over**

© Copyright reserved.

Click for Answer Key: http://www.respaper.com/lolololololol/6077.pdf

(v) താഴെ കൊടുത്തിരിക്കുന്ന ചിത്രം സശ്രദ്ധം നിരീക്ഷിച്ചതിനു ശേഷം അത് നിങ്ങളുടെ മനസ്സിൽ ഉദിപ്പിക്കുന്ന ചിന്തകൾ സംയോജിപ്പിച്ചുകൊണ്ട് ഒരു കഥയോ വിവരണമോ എഴുതുക.




**Question 2**

Write a letter in **Malayalam** in approximately 120 words on any **one** of the topics given below :— [7]

(താഴെ കൊടുത്തിരിക്കുന്ന വിഷയങ്ങളിൽ ഏതെങ്കിലും ഒന്നു തിരഞ്ഞെടുത്ത് ഏകദേശം 120 വാക്കുകളിൽ ഒരു കത്ത് തയ്യാറാക്കുക)

(i) അപ്രതീക്ഷിതമായുണ്ടായ ദുരന്തത്തിൽ തളർന്നു പോയ സുഹൃത്തിനെ ആശ്വസിപ്പിച്ചുകൊണ്ട് ഒരു കത്തെഴുതുക.

(ii) 'മംഗൾയാൻ' ഉൾപ്പെടെയുള്ള ഇന്ത്യയുടെ ബഹിരാകാശ നേട്ടങ്ങളെ പ്രശംസിച്ചുകൊണ്ടും അതിനു നേതൃത്വം വഹിക്കുന്ന ശാസ്ത്രജ്ഞരെ പ്രശംസിച്ചുകൊണ്ടും ഒരു കത്തെഴുതുക.



Click for Answer Key: http://www.respaper.com/lolololololol/6077.pdf

## Question 3

Read the passage given below and answer in **Malayalam** the questions that follow, using your own words as far as possible :—

(താഴെ കൊടുത്തിരിക്കുന്ന ഗദ്യഭാഗം വായിച്ചതിനുശേഷം തന്നിരിക്കുന്ന ചോദ്യങ്ങൾക്കു സ്വന്തം വാക്കുകളിൽ ഉത്തരമെഴുതുക).

വിവാഹ മോചനത്തിന്റെ തോത് ഇന്ന് ക്രമാതീതമായി വർദ്ധിച്ചിരിക്കുന്നു. മിക്കവർക്കും പ്രശ്നങ്ങൾ തന്നെ. പലതും നിസ്സാര കാരണങ്ങൾ കൊണ്ടുണ്ടായവയാണ്. അല്പം ക്ഷമയുണ്ടെങ്കിൽ ഒഴിവാക്കാവുന്നവ. ഭാര്യയും ഭർത്താവും സ്നേഹം കൊതിച്ചാണ് വിവാഹജീവിതത്തിൽ പ്രവേശിക്കുന്നത്. ആ അർത്ഥത്തിൽ രണ്ടുപേരും സ്നേഹത്തിനായി കൊതിക്കുന്ന യാചകരാണ്. എന്നാൽ, സ്നേഹം കിട്ടാനുള്ള ഏറ്റവും എളുപ്പമാർഗ്ഗം സ്നേഹം കൊടുക്കുകയാണെന്ന് പലപ്പോഴും മറന്നുപോകുന്നു.

ചിലർക്ക് ഉള്ളിൽ സ്നേഹം കാണും: എന്നാൽ, മനഃസംഘർഷം വരുമ്പോൾ ആത്മനിയന്ത്രണം നഷ്ടപ്പെടുന്നു. പിന്നെ എന്തൊക്കെയാണ് പറയുന്നതെന്ന് അവർക്കു തന്നെ അറിയില്ല. അത് മനസ്സിലാക്കി ആ സമയം മറ്റേയാൾ ക്ഷമയോടെ പെരുമാറണം. മറിച്ച് അങ്ങോട്ടും ദേഷ്യപ്പെട്ടാൽ പ്രശ്നം ഒന്നുകൂടി വഷളാകുകയേ ഉള്ളൂ. അങ്ങനെയായാൽ രണ്ടുപേരുടെ ജീവിതവും തകരും. ഒരാൾക്ക് വിഷാദരോഗമുണ്ടെങ്കിൽ മറ്റെയാൾ പ്രത്യേകം ശ്രദ്ധിക്കണം. സ്നേഹപൂർവ്വം പെരുമാറണം. കുറവുകൾ ഏതു വ്യക്തിയിലും ഉണ്ടാകും. അപ്പോൾ വിട്ടുവീഴ്ചയും ക്ഷമയുമില്ലാതെ ഒരു ദാമ്പത്യബന്ധത്തിനും മുന്നോട്ടുപോകാനാവില്ല.

ഒരു കഥ ഓർക്കുന്നു. കുതിരപ്പന്തയത്തിൽ ഭ്രമമുള്ള ഒരു ബിസിനസ്സുകാരനുണ്ടായിരുന്നു. ഭ്രമം മൂത്ത് ഒരുപാട് നഷ്ടം വന്നപ്പോൾ അയാൾ വീട്ടിലെത്തി ഭാര്യയോട് പറഞ്ഞു "എന്റെ ബിസിനസ്സെല്ലാം നഷ്ടമായി. ഇനി നമ്മൾ എന്തു ചെയ്യും?"

ഭാര്യ പറഞ്ഞു. "ഇനി നിങ്ങൾ കുതിരപ്പന്തയത്തിന് പോകേണ്ട. ഉള്ള പണം കൊണ്ട് നമുക്ക് ജീവിക്കാം."

"ഓ ശരി, നീ കൂടി ഒരു കാര്യം ചെയ്യണം." ഭർത്താവ് പറഞ്ഞു. "നീ ഇനി ആഢംബര വസ്ത്രങ്ങൾ. വാങ്ങുന്നത് ഒഴിവാക്കണം. അതിനുള്ള പണം ഇനി നമുക്കില്ല." "ശരി" ഭാര്യയും സമ്മതിച്ചു. "നമ്മുടെ കാറോടിക്കുന്ന ഡ്രൈവർക്ക് എവിടെനിന്ന് ശമ്പളം കൊടുക്കാനാണ്? നിങ്ങൾക്ക് ഡ്രൈവിങ് അറിയാമല്ലോ. പിന്നെ ഡ്രൈവറെന്തിനാണ്?" ഭാര്യ ചോദിച്ചു.

"ശരിയാണ്, ഇനി വണ്ടി ഞാൻ തന്നെ ഓടിച്ചുകൊള്ളാം. ഭർത്താവ് സമ്മതിച്ചു.

ഭർത്താവ് ചോദിച്ചു. "ഈ കാശില്ലാത്ത സമയത്ത് നമുക്ക് അടുക്കളക്കാരിയെ ഒഴിവാക്കരുതോ? വേണ്ടസഹായം ഞാനും ചെയ്തു തരാം." ഭാര്യ സന്തോഷപൂർവ്വം സമ്മതിച്ചു. അങ്ങനെ അവർ കഷ്ടതകൾ പങ്കിട്ടു. അനാവശ്യച്ചെലവുകൾ കുറച്ച് അവർക്ക് നേരിട്ട നഷ്ടം നികത്തി. അങ്ങനെ ജീവിതത്തിൽ വിജയം നേടാനും കഴിഞ്ഞു.

ഈ ഒരു ഭാവമാണ് നമ്മൾ വളർത്തിയെടുക്കേണ്ടത്. ഒരു ഹൃദയമായിത്തീരുക, ഒന്നായിത്തീരുക. മറിച്ച് "നീ അത് പറഞ്ഞില്ലേ, നീ എന്നെ ഉപദേശിക്കാനാരാണ്?" ഇങ്ങനെ പറഞ്ഞ് പരസ്പരം വേർപിരിയാനുള്ളതല്ല ജീവിതം. ക്ഷമയും സഹകരണവും ദാമ്പത്യത്തെ വിജയത്തിലേയ്ക്കു നയിക്കും.



Click for Answer Key: http://www.respaper.com/lolololololololol/6077.pdf

സ്നേഹമാണ് ജീവിതത്തിന്റെ അടിസ്ഥാനം. അറിഞ്ഞോ അറിയാതെയോ നാം ഇതിനെ അവഗണിക്കുന്നതാണ് ഇന്നുള്ള സകല പ്രശ്നങ്ങൾക്കും കാരണം. ഒരു കുടുംബത്തിന്റെ യഥാർത്ഥ സ്വത്ത് സ്നേഹമാണ്. ഭാര്യയും ഭർത്താവും പരസ്പരം ഹൃദയം തുറക്കുക. വികാരവിചാരങ്ങൾ പരസ്പരം പങ്കുവെയ്ക്കുക. ജീവിത പങ്കാളിയുടെ കുറവ് കണ്ടറിഞ്ഞ് നികത്തുവാനായിരിക്കണം ഇരുവരുടെയും ശ്രമം.

പരസ്പരം വിശ്വാസവും പ്രേമവും വർദ്ധിക്കുമ്പോൾ പ്രശ്നങ്ങൾ കുറയും. ജീവിതം സന്തുഷ്ടമാകും. അതിനാൽ ദമ്പതികൾ പരസ്പരം സ്നേഹിച്ച് ഒന്നായിത്തീരണം.

ചോദ്യങ്ങൾ :

(i) ദമ്പതികൾ പലപ്പോഴും മറന്നു പോകുന്നതെന്ത് ? [2]

(ii) വിട്ടുവീഴ്ചയും ക്ഷമയുമില്ലാതെ ഒരു ദാമ്പത്യബന്ധത്തിനും മുന്നോട്ടു പോകാനാവില്ലെന്ന് പറയുന്നതെന്തുകൊണ്ട് ? [2]

(iii) ബിസിനസ്സുകാരന്റെ കഥയിലൂടെ വ്യക്തമാകുന്ന ആശയം വിവരിക്കുക. [3]

(iv) ജീവിത വിജയത്തിനായി ദമ്പതികൾ ചെയ്യേണ്ടതെന്ത് ? [2]

(v) ഈ ഗദ്യഭാഗത്തിന് ഉചിതമായ ഒരു ശീർഷകം (Title) നൽകി അതിനുള്ള കാരണം വ്യക്തമാക്കുക. [1]

**Question 4**

Answer the following according to the instructions given :—

(താഴെ കൊടുത്തിരിക്കുന്ന നിർദ്ദേശങ്ങളനുസരിച്ച് ഉത്തരമെഴുതുക)

(a) Change into indirect speech : [1]

(അനുകഥനമാക്കുക)

ഭർത്താവ് : നമ്മുടെ ആകെയുള്ള സ്വത്തായിരുന്നു ആ പുതുപ്പ്. അതു നീ എന്തിനു അവനു കൊടുത്തു ?

ഭാര്യ : അയാൾ എന്നോടു സംഗീതത്തെപ്പറ്റി സംസാരിച്ചു.

(b) Give one word for the following : [2]

(ഒറ്റപ്പദമെഴുതുക)

(i) പരമമായ അർത്ഥത്തെ കുറിക്കുന്നത്

(ii) വിവേകമില്ലാത്തവൻ

(iii) അന്യനുചെയ്യുന്ന ഉപകാരം

(iv) ആഹാരം കഴിക്കാതെയുള്ള വ്രതം.

(c) Correct the spelling mistakes : [2]

(അക്ഷരത്തെറ്റ് തിരുത്തുക)

(i) നിശബ്ദത

(ii) അനുരജ്ഞനം

(iii) ഉൽബോധനം

(iv) അഭ്യസ്ഥവിദ്യൻ.



Click for Answer Key: http://www.respaper.com/lolololololololol/6077.pdf

(d) Use in sentences of your own : [3]
(വാക്യത്തിൽ പ്രയോഗിക്കുക)

(i) മനക്കോട്ട കെട്ടുക
(ii) രക്തം വെള്ളമാക്കുക
(iii) മംഗളം പാടുക.

## SECTION—B (40 Marks)

*Attempt **four** questions from this Section.*
*You must answer at least **one** question from each of the **two** books you have studied and any **two** other questions.*

### കഥയുറങ്ങുന്ന വഴിയിലൂടെ
### (കെ. തായാട്ട്)

**Question 5**

Read the extract given below and answer in **Malayalam** the questions that follow :—

(താഴെ കൊടുത്തിരിക്കുന്ന പാഠ്യഭാഗം വായിച്ചതിനുശേഷം ഒടുവിൽ ചേർത്തിരിക്കുന്ന ചോദ്യങ്ങൾക്കുത്തരം എഴുതുക)

വഴി പകുതിയിലേറെ ചെന്നപ്പോൾ, വലതുഭാഗത്തേക്ക് മറ്റൊരു റോഡ്. അവിടെയൊരു ചൂണ്ടുപലക.

നന്ദി വിഗ്രഹത്തിലേക്ക്.

പലരുമവിടെ ഇറങ്ങി. ഞാനും.

ചോദ്യങ്ങൾ :

(i) നന്ദി വിഗ്രഹത്തിന്റെ മനോഹാരിത വർണ്ണിക്കുക. [2]

(ii) ചാമുണ്ഡിയുടെ അവതാര ലക്ഷ്യമെന്തായിരുന്നു ? [2]

(iii) വൊഡയാർ രാജകുടുംബം ക്ഷേത്രത്തിൽ വിശിഷ്ടാതിഥികളായി മാറുന്നതെങ്ങനെ ? [3]

(iv) ചണ്ഡമുണ്ഡന്മാരുടെ കഥയെന്ത് ? [3]

**Question 6**

Read the extract given below and answer in **Malayalam** the questions that follow :—

(താഴെ കൊടുത്തിരിക്കുന്ന പാഠ്യഭാഗം വായിച്ചതിനുശേഷം ഒടുവിൽ ചേർത്തിരിക്കുന്ന ചോദ്യങ്ങൾക്കുത്തരം എഴുതുക)

പുലിക്കാട്ടുനിന്ന് ഒരു മണിക്കൂർനേരം യാത്ര ചെയ്താണ് മദിരാശിയിലെത്തിയത്. പുലിക്കാട്ട് മുതൽ മദിരാശിവരെയുള്ള പ്രദേശത്തിന് ചരിത്രപരമായ പ്രാധാന്യമുണ്ട്. മദിരാശിയെക്കുറിച്ചു പറയുമ്പോൾ ഞാനതു വ്യക്തമാക്കാം.



Click for Answer Key: http://www.respaper.com/lolololololololol/6077.pdf

ചോദ്യങ്ങൾ :

(i) പുലിക്കാട്ടു തടാകത്തെക്കുറിച്ചെഴുതുക. [3]

(ii) യാത്രികൻ ചക്രവർത്തിയായ സന്ദർഭമേത് ? [2]

(iii) മുർമാർക്കറ്റിന്റെ ചരിത്രമെന്ത് ? [2]

(iv) തമിഴർ പാരമ്പര്യം കാത്തുസൂക്ഷിക്കുന്നതിൽ ശ്രദ്ധാലുക്കളാണ് എന്നു തെളിയുന്നതെങ്ങനെ ? [3]

**Question 7**

Read the extract given below and answer in **Malayalam** the questions that follow :—

(താഴെ കൊടുത്തിരിക്കുന്ന പാഠ്യഭാഗം വായിച്ചതിനുശേഷം ഒടുവിൽ ചേർത്തിരിക്കുന്ന ചോദ്യങ്ങൾക്കുത്തരമെഴുതുക)

ദക്ഷിണേന്ത്യയിലെ മറ്റൊരു ഭരണാധിപന്മാരായ നായക് വംശമാണ് ഏറ്റവും ഒടുവിലായി മധുര കീഴടക്കിയ നാട്ടുരാജവംശം. ഉത്തരേന്ത്യൻ ആക്രമണംകൊണ്ട് തകർന്നുപോയ ക്ഷേത്രം ഇന്നത്തെ നിലയിലാക്കി പണിതുയർത്തിയതും നായക് വംശജരാണത്രെ.

ചോദ്യങ്ങൾ :

(i) മാണിക്യവാചകരെപ്പറ്റിയെഴുതുക. [2]

(ii) മധുര ക്ഷേത്രം ആറോ ഏഴോ തലമുറയുടെ സംഭാവനയാണെന്ന് പറയുന്നതെന്തുകൊണ്ട് ? [2]

(iii) മധുര ക്ഷേത്രവുമായി ബന്ധപ്പെടുത്തി പറയുന്ന സായിപ്പിന്റെ കഥയെന്ത് ? [3]

(iv) തിരുമലനായ്കൻ കൊട്ടാരത്തിന്റെ സവിശേഷതയെന്ത് ? [3]

## വേരുകൾ
## (മലയാറ്റൂർ രാമകൃഷ്ണൻ)

**Question 8**

Read the extract given below and answer in **Malayalam** the questions that follow :—

(താഴെക്കൊടുത്തിരിക്കുന്ന പാഠ്യഭാഗം വായിച്ചതിനുശേഷം ഒടുവിൽ ചേർത്തിരിക്കുന്ന ചോദ്യങ്ങൾക്കുത്തരമെഴുതുക)

നാട്ടിൽ വല്ലാത്ത ഒച്ചപ്പാടായി. ബ്രാഹ്മണരെല്ലാം തനിക്കെതിരായി. നായന്മാരിൽ ഒരു ചെറിയ ന്യൂനപക്ഷം മാത്രമേ തന്റെ പ്രവൃത്തി ശരിയാണെന്നു വിധിച്ചുള്ളൂ.

ചോദ്യങ്ങൾ :

(i) ആ ക്ഷേത്രത്തിൽ നിലനിന്നിരുന്ന അനാചാരത്തെപ്പറ്റി വിവരിക്കുക. അതിനെതിരെ നടത്തിയ ആദ്യ നീക്കമെന്തായിരുന്നു ? [3]



Click for Answer Key: http://www.respaper.com/lolololololol/6077.pdf

(iii) കർത്താവ് രഘുവിനോട് തുറന്നു സംസാരിച്ചതെന്ത് ? അതു കേട്ട രഘുവിന്റെ ചിന്തകൾ എന്തായിരുന്നു ? [3]

(iv) കർത്താവ് മോശക്കാരനല്ലെന്ന് രഘുവിന് തോന്നിയതെന്തുകൊണ്ട് ? [2]

## നളിനകാന്തി
### (ടി. പത്മനാഭൻ)

**Question 11**

Read the extract given below and answer in **Malayalam** the questions that follow :—

(താഴെക്കൊടുത്തിരിക്കുന്ന പാഠ്യഭാഗം ശ്രദ്ധാപൂർവ്വം വായിച്ചതിനുശേഷം ഒടുവിൽ ചേർത്തിരിക്കുന്ന ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക)

ജീവിതത്തിലെ എണ്ണമറ്റ പരാധീനതകളെക്കുറിച്ചോർത്തപ്പോൾ ശങ്കരൻകുട്ടിക്ക് എന്തെന്നില്ലാത്ത മടുപ്പുതോന്നി. പക്ഷേ, അപ്പോഴും കാന്റീൻ സൂപ്പർവൈസറുടെ പോസ്റ്റിലേയ്ക്കുള്ള പ്രമോഷൻ തനിക്കുതന്നെയായിരിക്കുമെന്ന് അയാൾ തന്നെത്തന്നെ വിശ്വസിപ്പിച്ചുകൊണ്ടിരുന്നു.

**ചോദ്യങ്ങൾ** :

(i) കാന്റീൻ സൂപ്പർവൈസറുടെ ജോലി തനിക്കുതന്നെ കിട്ടുമെന്ന് ശങ്കരൻകുട്ടി ദൃഢമായി വിശ്വസിക്കാൻ കാരണമെന്ത് ? [3]

(ii) ശങ്കരൻകുട്ടിക്ക് തൊഴിലാളി പ്രവർത്തനത്തിന് പോകാൻ കഴിയാതിരുന്നതെന്തുകൊണ്ട് ? [2]

(iii) പ്രമോഷൻ ഉറപ്പിക്കാനായി ശങ്കരൻകുട്ടി ചെയ്തതെന്ത് ? [2]

(iv) ജനറൽ മാനേജരുടെ മുറിയിലെത്തിയ ശങ്കരൻ കുട്ടിക്കുണ്ടായ അനുഭവം ചുരുക്കി വിവരിക്കുക. [3]

**Question 12**

Read the extract given below and answer in **Malayalam** the questions that follow :—

(താഴെക്കൊടുത്തിരിക്കുന്ന പാഠ്യഭാഗം വായിച്ചതിനുശേഷം ഒടുവിൽ ചേർത്തിരിക്കുന്ന ചോദ്യങ്ങൾക്കുത്തരമെഴുതുക)

"രണ്ടാമത്തെ അദ്ധ്യായത്തിലെ ആ ശ്ലോകമില്ലേ, പ്രസിദ്ധമായ ആ ശ്ലോകം. അതൊന്നു ചൊല്ലി അർത്ഥം പറഞ്ഞുതരണം. പലപ്പോഴും വായിച്ചതും കേട്ടതുമൊക്കെയാണ്. എന്നാലും എന്തോ ഒരാഗ്രഹം...."

**ചോദ്യങ്ങൾ** :

(i) ആ ശ്ലോകത്തിന്റെ ആശയം വ്യക്തമാക്കുക. [2]

(ii) അവർ അയാളോടു എന്തൊക്കെ കാര്യങ്ങളാണ് തുടർന്ന് പറഞ്ഞത് ? [3]



Click for Answer Key: http://www.respaper.com/lololololololol/6077.pdf

(iii) അച്ഛന്റെ പണത്തിനോടുള്ള ആർത്തിയെക്കുറിച്ച് മകൻ അയാളോട് പറയുന്നതെന്ത് ? [3]

(iv) അമ്മയുടെ അവസ്ഥയെക്കുറിച്ചുള്ള മകന്റെ സങ്കടമെങ്ങനെ ? [2]

### Question 13

Read the extract given below and answer in **Malayalam** the questions that follow :—

(താഴെക്കൊടുത്തിരിക്കുന്ന പാഠ്യഭാഗം വായിച്ചതിനുശേഷം ഒടുവിൽ ചേർത്തിരിക്കുന്ന ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക)

ക്ലാസ്സിൽനിന്നു പോകുന്നതിനുമുമ്പായി ഞങ്ങൾക്കു പഠിക്കാനുള്ള ഭാഗത്തിൽ നിന്ന് രണ്ടുവരികൾ അദ്ദേഹം ചൊല്ലുകയും ചെയ്തു.

ചോദ്യങ്ങൾ :

(i) പുതിയതായി വന്ന അദ്ധ്യാപകനെക്കുറിച്ച് കേട്ടതെന്തായിരുന്നു ? കണ്ടപ്പോൾ എന്തു തോന്നി ? [3]

(ii) അദ്ദേഹം കുട്ടികളെ പരിചയപ്പെട്ടതെങ്ങനെ ? [2]

(iii) അദ്ദേഹം ബുദ്ധനെക്കുറിച്ച് പറഞ്ഞതെന്തെല്ലാം ? അപ്പോൾ കുട്ടികൾക്കുണ്ടായ അനുഭവം എന്തായിരുന്നു ? [3]

(iv) പിൽക്കാലത്ത് അദ്ദേഹം ആ ഗ്രാമത്തിന്റെ ഭാഗമായി മാറിയതെങ്ങനെ ? [2]

## മാതൃഹൃദയം

## (ബാലാമണിയമ്മ)

### Question 14

Read the extract given below and answer in **Malayalam** the questions that follow :—

(താഴെക്കൊടുത്തിരിക്കുന്ന പദ്യഭാഗം വായിച്ചതിനുശേഷം ഒടുവിൽ ചേർത്തിരിക്കുന്ന ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക)

ആടിയുല്ലസിക്കുന്നൂ, കെട്ടിയ കരിംപട്ടു-
നാടയിലൊതുങ്ങാതെ നിന്മുടി ച്ചുരുളുകൾ
നിർമ്മലേ, ദാസ്യത്തിന്റെ കൂരിരുൾക്കൊഴുപ്പും ഹാ!
നിന്നിലും നെറ്റിക്കണിച്ചാന്തു പൊട്ടായ്ത്തീരുന്നു!

ചോദ്യങ്ങൾ :

(i) ഏതു കാഴ്ച കാണുമ്പോഴാണ് ആ സ്ത്രീയുടെ കരളുഴറുന്നത് ? [2]

(ii) ഏതിലാണ് തനിക്ക് നാണമുണ്ടെന്ന് അവർ പറയുന്നത് ? [3]



Click for Answer Key: http://www.respaper.com/lolololololol/6077.pdf

(iii) വേല തീർന്ന ഉന്മേഷത്തിൽ അവൾ എന്തൊക്കെ ചെയ്യുന്നു ? [3]

(iv) പെൺകുട്ടിയെ അമ്പരപ്പിച്ചതെന്ത് ? [2]

**Question 15**

Read the extract given below and answer in **Malayalam** the questions that follow :—

(താഴെക്കൊടുത്തിരിക്കുന്ന പദ്യഭാഗം വായിച്ചതിനുശേഷം ഒടുവിൽ ചേർത്തിരിക്കുന്ന ചോദ്യങ്ങൾക്കുത്തരമെഴുതുക)

അപ്പുതുപുഷ്പമാല്യത്തിനെ സ്സസ്നേഹ-
മുൽപ്പുളകോരസി ചേർത്തണച്ചങ്ങനെ,
അസ്സാധ്വി ശോഭിച്ചു, മുല്പാടുതൻ വിവാ-
ഹോത്സവ വേദി തന്മേലെന്ന മാതിരി.

ചോദ്യങ്ങൾ :

(i) അവൾ വിവാഹോത്സവ വേദിയിലെന്നപോലെ ശോഭിച്ചതെങ്ങനെ ? [2]

(ii) ആ മുഖദർശനം ദമ്പതിമാരിലുണ്ടാക്കിയ മാറ്റമെന്ത് ? [3]

(iii) കുഞ്ഞിന്റെ ആദ്യത്തെ രോദനം അവർ ആസ്വദിക്കുന്നതെങ്ങനെ ? [2]

(iv) കുഞ്ഞിനെ കാന്തന്റെ മാറിലർപ്പിക്കുമ്പോൾ പ്രകൃതിയിലുണ്ടായ മാറ്റങ്ങളെന്തെല്ലാമാണെന്നാണ് പറയുന്നത് ? [3]

**Question 16**

Read the extract given below and answer in **Malayalam** the questions that follow :—

(താഴെക്കൊടുത്തിരിക്കുന്ന പദ്യഭാഗം ശ്രദ്ധാപൂർവ്വം വായിച്ചതിനുശേഷം ഒടുവിൽ ചേർത്തിരിക്കുന്ന ചോദ്യങ്ങൾക്കുത്തരമെഴുതുക)

സത്യരശ്മിയാൽ ബ്ഭാസുരമാകിന
ഹൃത്തടത്തിൽപ്പതുക്കെപ്പതുക്കവേ
ഉല്ലസിച്ചിടും ദിവ്യപ്രസൂനമേ,
നിർല്ലയയാമഹിംസേ, ജയിച്ചാലും!

ചോദ്യങ്ങൾ :

(i) ഹിംസയാകുന്ന വഴി എപ്രകാരമുള്ളതാണെന്നാണ് പറയുന്നത് ? [2]

(ii) ഹിംസകൊണ്ട് നേട്ടങ്ങൾ ഉണ്ടാകുന്നില്ലെന്ന് തെളിയുന്നതെങ്ങനെ ? [3]

(iii) അന്ധകാരത്തിൽ മിന്നുന്ന അഹിംസയുടെ മഹത്ത്വത്തെ വർണ്ണിക്കുന്നതെങ്ങനെ ? [3]

(iv) എങ്ങനെയുള്ള വരായുധം കൈയിലില്ലെങ്കിലാണ് ജിവിതത്തിൽ പരാജയം സംഭവിക്കുന്നത് ? [2]



Click for Answer Key: http://www.respaper.com/lololololololol/6077.pdf

## ഭാരതപര്യടനം
## (കുട്ടിക്കൃഷ്ണമാരാർ)

### Question 17

Read the extract given below and answer in **Malayalam** the questions that follow :—

(താഴെക്കൊടുത്തിരിക്കുന്ന പാഠ്യഭാഗം വായിച്ചതിനുശേഷം ഒടുവിൽ ചേർത്തിരിക്കുന്ന ചോദ്യങ്ങൾക്കുത്തരമെഴുതുക)

ദ്രൗപദി പറഞ്ഞു : "ധാതാവിനും വിധാതാവിനും നമസ്കാരം. അവരാണല്ലോ പിതൃപൈതാമഹമായി നടപ്പിലിരിക്കേണ്ടുന്ന അങ്ങയ്ക്കീ തെറ്റിദ്ധാരണ......."

ചോദ്യങ്ങൾ :

(i) കോപത്തെപ്പറ്റി യുധിഷ്ഠിരൻ പറഞ്ഞതെന്തെല്ലാം ? [2]

(ii) യുധിഷ്ഠിരന്റെ ധർമ്മബോധത്തെ പാഞ്ചാലി പരിഹസിക്കുന്നതെങ്ങനെ ? [2]

(iii) ഈശ്വരന്റെ മായപ്പണികളെപ്പറ്റി പാഞ്ചാലി എന്താണ് പറഞ്ഞത് ? [3]

(iv) ജീവികളൊക്കെ കർമ്മം ചെയ്താണ് കഴിയുന്നതെന്ന് പാഞ്ചാലി സമർത്ഥിക്കുന്നതെങ്ങനെ ? [3]

### Question 18

Read the extract given below and answer in **Malayalam** the questions that follow :—

(താഴെക്കൊടുത്തിരിക്കുന്ന പാഠ്യഭാഗം വായിച്ചതിനുശേഷം ഒടുവിൽ ചേർത്തിരിക്കുന്ന ചോദ്യങ്ങൾക്കുത്തരമെഴുതുക)

ഭീഷ്മാദികളുടെ അടുക്കലുണ്ടായ യുധിഷ്ഠിരന്റെ ഉദാത്തമായ ആ വിനയാനുഷ്ഠാനം, അദ്ദേഹത്തിന്റെ പിഴപറ്റാത്ത ധർമ്മബോധത്തെ ഉദാഹരിക്കുന്നു.

ചോദ്യങ്ങൾ :

(i) യുധിഷ്ഠിരൻ ഭീഷ്മാദികളോട് വിനയമനുഷ്ഠിച്ചതിന്റെ മഹത്ത്വം വിവരിക്കുക. [3]

(ii) യുധിഷ്ഠിരനു യുയുത്സുവിനെ ലഭിച്ചതെങ്ങനെ ? [2]

(iii) കർണ്ണൻ ഭീഷ്മരെക്കാണുന്ന രണ്ടാം രംഗം വിവരിക്കുക. [3]

(iv) കൃഷ്ണൻ കർണ്ണനെ കാണാൻ പോയതിന്റെ ഔചിത്യമെന്ത് ? [2]



Click for Answer Key: http://www.respaper.com/lolololololol/6077.pdf

## Question 19

Read the extract given below and answer in **Malayalam** the questions that follow :—

(താഴെക്കൊടുത്തിരിക്കുന്ന പാഠ്യഭാഗം വായിച്ചതിനുശേഷം ഒടുവിൽ ചേർത്തിരിക്കുന്ന ചോദ്യങ്ങൾക്കു ത്തരമെഴുതുക)

"ഭരദ്വാജ പുത്രനായ ദ്രോണനും, പൃഷത പുത്രനായ ദ്രുപദനും കുട്ടിക്കാലത്ത് അഗ്നിവേശന്റെ അടുക്കൽ ഒരുമിച്ചാണ്......."

ചോദ്യങ്ങൾ :

(i) അവർ തമ്മിൽ സൗഹൃദമുണ്ടായതെങ്ങനെ ? [2]

(ii) ആ സൗഹൃദം തകർന്നതെങ്ങനെ ? [2]

(iii) അർജ്ജുനൻ ദ്രോണരുടെ പ്രിയ ശിഷ്യനായി മാറിയതെങ്ങനെ ? [3]

(iv) ദ്രുപദന്റെ രാജ്യം ദ്രോണർക്കു ലഭിച്ചതെങ്ങനെ ? തുടർന്ന് ദ്രുപദന്റെ പ്രതികാരം എങ്ങനെയായിരുന്നു ? [3]



Click for Answer Key: http://www.respaper.com/lololololololol/6077.pdf